## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** — **20-06-2024 - ൽ മറുപടിയ്ക്ക്**

## മൃഗചികിത്സാ സേവനങ്ങൾ ഡിജിറ്റലാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മൃഗചികിത്സാ സേവനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | മൃഗസംരക്ഷണ പ്രവർത്തനങ്ങളെല്ലാം ഡിജിറ്റലായി സംയോജിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മൃഗ ചികിത്സാ സേവനങ്ങളും മറ്റനുബന്ധ സേവനങ്ങളും കർഷകർക്കും പൊതുജനങ്ങൾക്കും ആയാസ രഹിതമായി ലഭ്യമാവുന്ന തരത്തിൽ മൃഗ സംരക്ഷണ വകുപ്പ് ഇ-സമൃദ്ധ പദ്ധതി നടപ്പിലാക്കി വരികയാണ്. കേരളത്തിലെ മൃഗസംരക്ഷണ, വെറ്ററിനറി പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളും ഡിജിറ്റലായി സംയോജിപ്പിക്കാനാണ് ഇ-സമൃദ്ധ പദ്ധതി വഴി ലക്ഷ്യമിടുന്നത്.<br>മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും, ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും, മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റ സേവനങ്ങളെല്ലാം തന്നെ ഒരു വിരൽ തുമ്പിൽ ലഭ്യമാക്കാനും ഉതകുന്ന ഒരു സമ്പൂർണ്ണ അനിമൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള സോഫ്റ്റ് വെയർ മൊഡ്യൂളുകളുടെ ആദ്യഘട്ടം നിലവിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിലും, തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെൻസറിയിലും ടി സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിലും മറ്റ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും ടി സംവിധാനം നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള സോഫ്റ്റ് വെയർ മൊഡ്യൂളുകളും, അടിയന്തിരഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ ചികിത്സാ സേവനം നൽകുന്ന മൊബൈൽ വെറ്ററിനറി |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളുടെ സേവനവും ഇ-സമൃദ്ധയുടെ ഭാഗമായുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴി ബുക്ക് ചെയ്യുവാൻ സാധിക്കുന്നതിനുള്ള സംവിധാനവും, മൃഗസംരക്ഷണ വകുപ്പിന്റെ ലാബോറട്ടറികളുടെ പ്രവർത്തനങ്ങളെ ഡിജിറ്റലായി സംയോജിപ്പിക്കുന്നതിനുള്ള സംവിധാനവും ഒരുക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (സി) | മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റെന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതി വഴി ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ? | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളെ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കൂടാതെ ക്ഷീര കർഷകർക്കായുള്ള ഇൻഷുറൻസ് പദ്ധതി നടത്തിപ്പ് ആയാസ രഹിതമായി കൈകാര്യം ചെയ്യുന്നതിനായുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനും ഡെവലപ്പ് ചെയ്തു കൊണ്ടിരിക്കുകയാണ്. കർഷകർക്ക് തങ്ങളുടെ പ്രദേശങ്ങളിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങളിൽ മുന്നറിയിപ്പ് നൽകുന്ന സംവിധാനവും മൃഗസംരക്ഷണ വകുപ്പ് ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ